# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4403 22.07.2015 -ൽ മറുപടിക്ക്**

**<u>മുളവുകാട് സർവ്വീസ് റോഡ്</u>**

**<u>ചോദ്യം</u>**

**ശ്രീ.എസ്.ശർമ്മ**

(എ) മുളവുകാട് സർവ്വീസ് റോഡ് പ്രവൃത്തികൾ ആരംഭിക്കുന്നതിലെ കാലതാമസ്സം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

**<u>ഉത്തരം</u>**

**ശ്രീ. ഉമ്മൻ ചാണ്ടി**
**(ബഹു.മുഖ്യമന്ത്രി)**

(എ) മുളവുകാട് സർവ്വീസ് റോഡ് നിർമ്മാണം ദേശീയപാതാ വികസന അതോറിറ്റി (NHAI) മുഖാന്തിരം നടപ്പിലാക്കുന്നതിനായി NHAI യുടെ ഡൽഹി ആഫീസുമായി ബന്ധപ്പെട്ട് കൊച്ചി പ്രൊജക്ട് ഡയറക്ടർ നടപടി സ്വീകരിക്കുകയുണ്ടായി. എന്നാൽ നിലവിലുള്ള കരാറുകാരൻ പ്രധാന റോഡിന്റെ 99% പ്രവൃത്തിയും പൂർത്തിയാക്കിയതിനാലും ടിയാന്റെ 'Defect Liability Period'-ന്റെ കാലാവധിയ്ക്കുള്ളിൽ അറ്റകുറ്റപ്പണികൾ മാത്രമേ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂവെന്നതിനാലും അധിക പ്രവൃത്തിയായ സർവ്വീസ് റോഡിന്റെ നിർമ്മാണം നിലവിലുള്ള കരാറുകാരനെ ഏൽപിക്കാൻ സാധിക്കുകയില്ല എന്ന് പ്രസ്തുത ഓഫീസ് അറിയിച്ചു.

മേൽ സാഹചര്യത്തിൽ മുളവുകാട് സർവീസ് റോഡിന്റെ നിർമ്മാണം NHAI യുടെ ചെലവിൽ സംസ്ഥാന ഗവൺമെന്റിന്റെ ഏതെങ്കിലും ഏജൻസി മുഖാന്തിരം നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചു.

ഇപ്രകാരം പ്രവൃത്തി നടപ്പിലാക്കുന്നതിന് കേരള സർക്കാരിന്റെ സമ്മത പത്രം ലഭ്യമാക്കിയാൽ ഈ പ്രവൃത്തിയ്ക്ക് NHAI യിൽ നിന്ന് ഭരണാനുമതി ലഭിക്കുന്നതാണ്. ഇതിനാവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതിന് NHAI യുടെ കൊച്ചി പ്രോജക്ട് ഡയറക്ടർ 01.05.2015 ലെ കത്ത് മുഖേന എറണാകുളം ജില്ലാ കളക്ടറോട് നിർദ്ദേശിക്കുകയുണ്ടായി. ഈ വിഷയത്തിൽ ജില്ലാകളക്ടർ തുടർ നടപടി സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത വിഷയത്തിൽ ജനപ്രതിനിധികളും, പ്രദേശവാസികളും, NHAI ഉദ്യോഗസ്ഥർ എന്നിവരും ജില്ലാഭരണകൂടവുമായി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ വ്യക്തമാക്കാമോ ;

(ബി) 13.03.2015 ൽ കൂടിയ യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.

1. കണ്ടെയ്നർ റോഡിന്റെ മുളവുകാട് ഭാഗത്ത് ചെളിയും മാലിന്യങ്ങളും നിറഞ്ഞ് പ്രവർത്തനരഹിതമായി സ്ഥിതി ചെയ്യുന്ന കൾവർട്ടുകളുടെ ശുചീകരണം, റോഡ് നിർമ്മാണം പൂർത്തിയാക്കി മെയിന്റനൻസ് ഏജൻസിയെ നിയമിക്കുന്നതു വരെ, സാങ്കേതിക തടസ്സമില്ലെങ്കിൽ റോഡ് കോൺട്രാക്ടർ മുഖേന ചെയ്യിക്കുന്നതിനും ഇക്കാര്യത്തിൽ മുളവുകാട് പഞ്ചായത്ത് പ്രസിഡന്റും NHAI ഡെപ്യൂട്ടി മാനേജരും സംയുക്ത പരിശോധന നടത്തുന്നതിനും തീരുമാനിച്ചു.
2. കണ്ടെയ്നർ റോഡിലെ അനധികൃതപാർക്കിംഗ് മൂലം വളരെയധികം അപകടങ്ങൾ ഉണ്ടാ

കുന്നുണ്ടെന്നും ഇക്കാര്യത്തിൽ ശാശ്വത പരിഹാരം ഉണ്ടാക്കണമെന്ന ആവശ്യം പരിഗണിച്ച് ഒരു യോഗം കൂടി വിളിക്കുന്നതിന് ജില്ലാകളക്ടറെ ചുമതലപ്പെടുത്തി.

3. ടോൾ പ്ലാസയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഉപരോധ സമരം തൽക്കാലത്തേയ്ക്ക് നിർത്തി വെയ്ക്കുന്നതിന് മുളവുകാട് സംരക്ഷണ സമിതി പ്രതിനിധികളോട് ബഹു.എം.എൽ.എ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പുനരാരംഭിക്കുന്നതിന് തീരുമാനിച്ചു.

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(സി)

1. റോഡ് പണിയുടെ കരാറുകാരനെക്കൊണ്ട് കൾവെർട്ടുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.
2. ടോൾ പ്ലാസ നിർമ്മാണത്തിന്റെ തടസ്സപ്പെട്ട ജോലികൾ പുനരാരംഭിച്ചിട്ടുണ്ട്.
3. അനധികൃത പാർക്കിങ്ങ് ഒഴിവാക്കുന്നതിന് വല്ലാർപാടം പാലത്തിനു സമീപമുള്ള പാർക്കിങ്ങ് സ്ഥലത്ത് കണ്ടെയ്നർ ലോറി പാർക്ക് ചെയ്യുന്നതിനുള്ള നടപടി കൊച്ചിൻ പോർട്ട് ട്രസ്റ്റാണ് സ്വീകരിക്കേണ്ടത്. ഇതിനുള്ള പ്രാരംഭ നടപടികൾ ജില്ലാകളക്ടർ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ